# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മേയ് 22

# വാർത്താക്കുറിപ്പ്

---

## എം.ജി: ആറാം സെമസ്റ്റർ ബിരുദ വിദ്യാർഥികൾക്ക് താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതാൻ ഓപ്ഷൻ നൽകാം

### - അവസാന തീയതി മേയ് 24

ലോക്ഡൗൺ മൂലം വിവിധ ജില്ലകളിൽ കുടുങ്ങിയ മഹാത്മാഗാന്ധി സർവകലാശാലയിലെ ആറാം സെമസ്റ്റർ വിദ്യാർഥികൾക്ക് നിലവിൽ താമസിക്കുന്ന ജില്ലയിലും ലക്ഷദ്വീപിലുള്ളവർക്ക് അവിടെയും പരീക്ഷയെഴുതാനുള്ള സൗകര്യമൊരുക്കാൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. മേയ് 24 വരെ ഓൺലൈനായി ഓപ്ഷൻ നൽകാം. സർവകലാശാല വെബ്സൈറ്റിലെ (www.mgu.ac.in) 'എക്സാമിനേഷൻ രജിസ്ട്രേഷൻ'/'എക്സാം രജിസ്ട്രേഷൻ' പോർട്ടൽ വഴിയാണ് ഓപ്ഷൻ നൽകേണ്ടത്. ആറാം സെമസ്റ്റർ റഗുലർ/പ്രൈവറ്റ് ബിരുദ വിദ്യാർഥികൾക്കു മാത്രമാണ് ഓപ്ഷൻ നൽകാവുന്നത്.

പഠിക്കുന്ന കോളജ് സ്ഥിതി ചെയ്യുന്ന ജില്ലയ്ക്കു പുറത്ത് ലോക്ഡൗൺ മൂലം അകപ്പെട്ടവർക്ക്, കോളജിൽ വന്ന് പരീക്ഷ എഴുതാൻ സാധിക്കാത്ത സാഹചര്യത്തിൽ മാത്രം നിലവിൽ താമസിക്കുന്ന ജില്ലയിൽ പരീക്ഷയെഴുതാൻ ഓപ്ഷൻ നൽകാവുന്നത്. ലക്ഷദ്വീപിലുള്ളവർക്ക് അവിടെ പരീക്ഷയെഴുതുന്നതിന് ഓപ്ഷൻ നൽകാം. പരീക്ഷയെഴുതുന്ന ജില്ല മാത്രമാണ് വിദ്യാർഥികൾക്ക് ഓപ്ഷനായി നൽകാവുന്നത്. പരീക്ഷ കേന്ദ്രം സർവകലാശാല നിശ്ചയിച്ച് അറിയിക്കും. മേയ് 24നുശേഷം ഓപ്ഷൻ സമർപ്പിക്കുന്നതിന് അവസരം ലഭിക്കില്ല. ടൈംടേബിളും ഓപ്ഷൻ നൽകിയ വിദ്യാർഥികൾക്കുള്ള പരീക്ഷ കേന്ദ്രവും പിന്നീട് പ്രസിദ്ധീകരിക്കും. ഓപ്ഷൻ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിച്ച പ്രിന്റ്ഔട്ട്, ഹാൾടിക്കറ്റ്, ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡ് എന്നിവ പരീക്ഷയ്ക്കെത്തുമ്പോൾ പരിശോധനയ്ക്കു നൽകണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/503/2020)

## പരീക്ഷ ഫലം

2019 ജൂണിൽ നടന്ന എം.എ. ഇംഗ്ലീഷ് രണ്ടാംസെമസ്റ്റർ (പി.ജി.സി.എസ്.എസ്. -റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ അഞ്ചിനകം അപേക്ഷിക്കണം. 2012 അഡ്മിഷന് മുമ്പുള്ളവർ ഓൺലൈനായി ഫീസടച്ച് നിർദിഷ്ട അപേക്ഷ പരീക്ഷകൺട്രോളറുടെ ഓഫീസിൽ നൽകണം. 2012 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനായി അപേക്ഷിക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39504/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ